ഭവന നിർമ്മാണ പദ്ധതികൾ

*688 [746] ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ:
,, കെ. പി. നൂറുദ്ദീൻ
,, എൻ. പി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇപ്പോൾ ഭവനനിർമ്മാണ പദ്ധതികൾ ഏതെല്ലാം ഏജൻസികൾ വഴിയാണ് നടപ്പിലാക്കുന്നത്;

(ബി) ഓരോ ഏജൻസിയുടേയും പ്രവർത്തനപരിധി എന്ത്;

(സി) വിവിധ ഏജൻസികൾ പദ്ധതികൾ കൈകാര്യം ചെയ്യുന്നതു കൊണ്ട് ലക്ഷ്യം നേടുന്നതിന് കാലതാമസം ഉണ്ടാകുന്നു എന്ന് ഗവൺമെൻറ് കരുതുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഗവൺമെൻറ് അർദ്ധ ഗവൺമെൻറ് ഏജൻസികളുടെ കീഴിലുള്ള ഭവന നിർമ്മാണപ്രവർത്തനങ്ങൾക്ക് ഏകീകൃത മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും വേണ്ടത്ര നിയന്ത്രണം ഏർപ്പെടുത്തുന്നതിനും ഉതകത്തക്ക ഒരു ഭരണ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

തൊഴിലും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. എം. കെ. രാഘവൻ):

(എ & ബി) വിവരം അനുബന്ധത്തിൽ ചേർത്തിട്ടുണ്ട് †

(സി) ഇങ്ങനെ ഒരു അഭിപ്രായഗതി ഉണ്ട്.

(ഡി) ഇക്കാര്യം പരിഗണനയിലുണ്ട്.

പ്രൈവറ്റ് ബസ് തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകളെപ്പറ്റിയുള്ള റിപ്പോർട്ട്

*689 [747] ശ്രീ. ആർ. എസ്. ഉണ്ണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്രൈവറ്റ് ബസ് തൊഴിലാളികളുടെ വേതന-സേവന വ്യവസ്ഥകൾ തീരുമാനിച്ച് റിപ്പോർട്ട് സമർപ്പിക്കാനായി ഒരു കമ്മിറ്റിയെ നിയമിച്ചതെന്നാണ്;

(ബി) പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കാൻ താമസിക്കുന്നതിൽ പ്രതിഷേധിച്ച് പ്രൈവറ്റ് ബസ് തൊഴിലാളികൾ പ്രത്യക്ഷ സമരത്തിന് തയ്യാറെടുത്തു വരുന്നതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) കമ്മിറ്റിയുടെ റിപ്പോർട്ട് എന്നത്തേയ്ക്ക് ലഭിക്കുമെന്നാണ് ഗവൺമെൻറ് പ്രതീക്ഷിക്കുന്നത്?

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി (ശ്രീ എം. കെ., രാഘവൻ):

(എ) 7-11-1977-ൽ.
(ബി) ഉണ്ട്.
(സി) 30-6-1979-ൽ

സെൻറേജ് ചാർജ്ജ് ഈടാക്കാതിരിക്കുവാൻ നടപടി

* 690 [748] ശ്രീ. എൻ. ഭാസ്ക്കരൻ നായർ: താഴെക്കാണുന്ന ചോദ്യത്തിന് മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

സാമൂഹ്യ ധർമ്മ സ്ഥാപനങ്ങൾ കേന്ദ്ര സംസ്ഥാന ഗവൺമെൻറുകളുടെ സഹായത്തോടെ പണികഴിപ്പിക്കുന്ന കെട്ടിടങ്ങൾക്കും മറ്റും സെൻറേജ് ചാർജ്ജ് ഈടാക്കിവരുന്നത് ഒഴിവാക്കിക്കൊടുക്കാൻ ഗവൺമെൻറിന് ഉദ്ദേശമുണ്ടോ ?

മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. പങ്കജാക്ഷൻ): ഇല്ല.

എംപ്ലോയീസ് സ്റേറററ് ഇൻഷ്വറൻസ് സ്കീം

* 691 [750] ശ്രീ. പി. ആർ. ഫ്രാൻസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയീസ് സ്റേറററ് ഇൻഷ്വറൻസ് സ്കീം ഏതെങ്കിലും പുതിയ മേഖലകളിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്ലാൻേറഷൻ തൊഴിലാളികളെ ഈ സ്കീമിൽ ചേർക്കുന്നതിന് നടപടി സ്വീകരിക്കുമോ?

തൊഴിലും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. എം. കെ. രാഘവൻ):

(എ) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

(ബി) ഇക്കാര്യത്തിൽ നടപടിയെടുക്കുവാൻ ഈ. എസ്. ഐ. കോർപറേഷനു മാത്രമേ സാധിക്കുകയുള്ളു.

ഹോട്ടൽ തൊഴിലാളികളുടെ വേതന-സേവന വ്യവസ്ഥകൾ

* 692 [751] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹോട്ടൽ തൊഴിലാളികളുടെ വേതന-സേവന വ്യവസ്ഥകൾക്ക് നിലവിൽ എന്തെങ്കിലും നിയമം ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇവ പരിശോധിക്കാൻ എന്തെങ്കിലും സംവിധാനം ഉണ്ടോ;

(സി) ഹോട്ടലുടമകളുടെ ചൂഷണത്തിൽനിന്നും ഈ തൊഴിലാളികളെ രക്ഷിക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly